# hnetbdnb Nne A`n{]mb§Ä..........

1
**അഭിപ്രായങ്ങൾ**

എം. ഗോവിന്ദൻ
തോട്ടം രാജശേഖരൻ
പ്രൊഫ. എം. കൃഷ്ണൻ നായർ
ടി.എൻ. ജയചന്ദ്രൻ
സുന്ദർ
എൻ. സുഗതൻ
പി. ബാലകൃഷ്ണൻ
എൻ. രാജൻ
മാങ്ങോട്ട് കൃഷ്ണകുമാർ
എൻ. ശശിധരൻ
എം.കെ. ഹരികുമാർ
കെ.എസ്. സുധി
മണർകാട് മാത്യു
ഡോ. എം. ലീലാവതി
പ്രൊഫ. കല്ലട രാമചന്ദ്രൻ
ടോണി ചിറ്റേട്ടുകളം
ബാലചന്ദ്രൻ വടക്കേടത്ത്
ഡോ. മിനി പ്രസാദ്
ഡോ.സി.ആർ. സുശീലാദേവി
പ്രൊഫ. എം.കെ. സാനു
ഡോ. ഉണ്ണി ആമപ്പാറക്കൽ
ഡോ. ഇന്ദിരാ ബാലചന്ദ്രൻ
ഗീതാ ജെയിംസ്
ഡോ. കെ.എ. വാസുക്കുട്ടൻ
പി. കൃഷ്ണവാരിയർ

---

### എം. ഗോവിന്ദൻ

വലിയ ഒച്ചപ്പാടുകൾക്കൊന്നും മെനക്കെടാതെ ഒഴിഞ്ഞിരുന്ന് ഒതുക്കത്തിൽ ചെറുകഥയെഴുതുന്ന ഒരാളാണ് ഇ. ഹരികുമാർ. പെരുത്തു കഥകളൊന്നും എഴുതാത്തതിനാൽ, പലപ്പോഴും ഹരികുമാറിന്റെ കഥകൾ ശ്രദ്ധിക്കപ്പെടാറില്ലെന്നു തോന്നുന്നു. ആധുനികത്വത്തിന്റെ പേരിൽ കഥയിലതുമിതും കുത്തിച്ചെലുത്തുന്ന സ്വഭാവം ഹരികുമാറിന്നില്ല. നമ്മുടെ കഥാകൃത്തുക്കൾക്കിടയിലെ ചിത്രകാരനാണ് അദ്ദേഹം. കടുത്ത വർണ്ണങ്ങളല്ല ഉപയോഗപ്പെടുത്തുന്നത്. കഥാരീതിയിൽ അണ്ടർടോൺ ഉപയോഗപ്പെടുത്തുന്നു. വാക്കുകൾകൊണ്ട് അവശ്യം വേണ്ട നിറപ്പൊലിമയും ഊറിയും നീറിയും നില്ക്കുന്ന അന്തരീക്ഷവും സൃഷ്ടിക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേക പാടവമുണ്ട്. ഹരികുമാറിന്റെ കടിഞ്ഞൂൽ പ്രസിദ്ധീകരണമായ 'കൂറകൾ' വായിച്ച വേളയിൽ പെട്ടെന്നു മനസ്സിലുളവായ തോന്നലുകൾ മാത്രമാണിവിടെ പകർത്തുന്നത്. പുതിയ തലമുറയിലെ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാഥികനാണ് ഹരികുമാർ എന്നും തോന്നി.

1972
**എം. ഗോവിന്ദൻ**
**(പത്രാധിപലേഖനം)**
**സമീക്ഷ – 1972**

>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### തോട്ടം രാജശേഖരൻ

ഭാവശില്പങ്ങൾ ഇ. ഹരികുമാർ സൂക്ഷ്മതയോടെ പണിതൊരുക്കുന്നു. അത്യന്താധുനികതയുടെ വൈകൃതങ്ങൾ കണ്ടു മടുത്തവരുടെ മുന്നിൽ ആധുനികതയുടെ കരുത്തുറ്റ, ഭാവാർദ്രമായ മുഖം ഹരികുമാർ തെളിച്ചുകാട്ടുന്നു. തെല്ലും ആശങ്ക കൂടാതെ പറയാം. ഇതാ ശ്രദ്ധേയനായ ഒരു കഥാകൃത്ത് താൻ പോരിമയുള്ള ഒരു വാഗ്ദാനം.

1972
**– തോട്ടം രാജശേഖരൻ**
**കഥാപ്രപഞ്ചം**
**എക്സ്പ്രസ്സ് – 1972**

>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

### പ്രൊഫ. എം. കൃഷ്ണൻ നായർ

പണ്ടൊരിക്കൽ ഒരിടത്ത് ഒരു ഗുസ്തിക്കാരനുണ്ടായിരുന്നു. അയാൾക്ക് പ്രതിയോഗിയെ പരാജയപ്പെടുത്താൻ 360 വിദ്യകൾ അറിയാമായിരുന്നു. വാത്സല്യമുള്ള ശിഷ്യനെ അയാൾ 359 വിദ്യകൾ പഠിപ്പിച്ചു. ഒരെണ്ണം പറഞ്ഞു കൊടുത്തതുമില്ല. ശിഷ്യൻ തനിക്കു വശമായ 359 വിദ്യകൾകൊണ്ട് പലരേയും തോല്പിച്ചു. തന്റെ സാമർത്ഥ്യത്തിൽ അഹങ്കാരിയായ അയാൾ ഒരിക്കൽ രാജാവിനോടു പറഞ്ഞു. ഗുരുനാഥനോടുള്ള നന്ദിയും അദ്ദേഹത്തിന്റെ വാർദ്ധക്യവും കൊണ്ടാണ് വിദ്യകൾ പഠിപ്പിച്ച ആ ആളിനെ നേരിട്ടെതിർത്തു തോല്പിക്കാത്തതെന്ന്. ഗുരുനാഥനോടുള്ള ഈ ബഹുമാനക്കുറവു കണ്ട് രാജാവിന് ദേഷ്യം വന്നു. അദ്ദേഹം കല്പിച്ചു ഗുരുവും ശിഷ്യനും എതിരിടട്ടേയെന്ന്. ശിഷ്യന് അറിയാൻ പാടില്ലാത്ത മുന്നൂറ്റിയറുപതാമത്തെ വിദ്യ പ്രയോഗിച്ച് ഗുരു ശിഷ്യനെ നിലം പറ്റിച്ചു. ശിഷ്യനെ തലയ്ക്കു മുകളിൽ പൊക്കിയെടുത്തു നിലത്തേയ്ക്ക് എറിയുകയായിരുന്നു ഗുരു. ശിഷ്യൻ ആ ഏറിൽ തകർന്നുപോയി. മലയാള മനോരമ വാർഷികപ്പതിപ്പിൽ 'കറുത്ത തമ്പ്രാട്ടി' എന്ന ചെറുകഥയെഴുതിയ ഇ. ഹരികുമാറിന് രചനയുടെ 360 വിദ്യകളറിയാം. 359 വിദ്യകളും അദ്ദേഹം മറ്റു കഥയെഴുത്തുകാർക്കു പഠിപ്പിച്ചു കൊടുത്തിട്ടുണ്ട്. ഒരെണ്ണം അദ്ദേഹം വേറെയാരെയും അഭ്യസിപ്പിച്ചിട്ടില്ല. ആ വിദ്യ അറിയാൻ പാടില്ലാത്തതുകൊണ്ടാണ് ശ്രീ................... ................എന്ന കഥ എഴുതിയത്.

ഹരികുമാർ അയഥാർത്ഥമായ റൊമാന്റിസിസത്തിൽ വിഹരിക്കുന്നില്ല. ദുർഗ്രഹമായ സിംബലിസത്തിൽ ചെല്ലുന്നില്ല. ആദ്ധ്യാത്മികത്വത്തിന്റെ അധികതയിലേക്കു കയറിപ്പോകുന്നില്ല. ഫ്യൂഡലിസത്തിന്റെ നൃശംസത കാണിക്കുന്ന സെക്സിനെ യഥാതഥമായി, എന്നാൽ കലാത്മകതയോടെ ആലേഖനം ചെയ്യുന്നേയുള്ളു. ഫ്യൂഡൽ പ്രഭുവിന് തൊഴിലാളിയുടെ ഭാര്യയെ വേണം. അവന്റെ ദാരിദ്ര്യത്തെ ചൂഷണം ചെയ്തു രണ്ടായിരം രൂപ കടംകൊടുത്തു അവളെ അയാൾ വെപ്പാട്ടിയാക്കുന്നു. എന്നു പണം കൊടുക്കുമോ അന്നു ഭാര്യയെ

എം. ഗോവിന്ദൻ
തോട്ടം രാജശേഖരൻ
പ്രൊഫ. എം. കൃഷ്ണൻ നായർ
ടി.എൻ. ജയചന്ദ്രൻ
സുന്ദർ
എൻ. സുഗതൻ
പി. ബാലകൃഷ്ണൻ
എൻ. രാജൻ
മാങ്ങോട്ട് കൃഷ്ണകുമാർ
എൻ. ശശിധരൻ
എം.കെ. ഹരികുമാർ
കെ.എസ്. സുധി
മണർകാട് മാത്യു
ഡോ. എം. ലീലാവതി
പ്രൊഫ. കല്ലട രാമചന്ദ്രൻ
ടോണി ചിറ്റേട്ടുകളം
ബാലചന്ദ്രൻ വടക്കേടത്ത്
ഡോ. മിനി പ്രസാദ്
ഡോ.സി.ആർ. സുശീലാദേവി
പ്രൊഫ. എം.കെ. സാനു
ഡോ. ഉണ്ണി ആമപ്പാറക്കൽ
ഡോ. ഇന്ദിരാ ബാലചന്ദ്രൻ
ഗീതാ ജെയിംസ്
ഡോ. കെ.എ. വാസുക്കുട്ടൻ
പി. കൃഷ്ണവാരിയർ

വിട്ടുകൊടുക്കാമെന്നാണ് വ്യവസ്ഥ. പണം തിരിച്ചുകൊടുത്താലും ദുഷ്ടൻ അവളെ വിട്ടുകൊടുക്കില്ല എന്നതു തീർച്ച. തൊഴിലാളിയുടെ മകൾ അവന്റെ വീട്ടിൽ സ്വന്തം അമ്മയെ കാണാതെ വളർന്നു വരുന്നു. കാലം കഴിഞ്ഞപ്പോൾ അമ്മയെ കാണാനും പ്രഭു നൽകുന്ന ഉടുപ്പു വാങ്ങാനും അവൾ അവിടെ ചെല്ലുന്നു. പക്ഷേ അമ്മയെ തിരിച്ചറിയാതെ അവൾ അച്ഛനോടുകൂടി തിരിയെപ്പോരുന്നു. വജ്രം സ്ഫടികത്തെ കീറുന്നപോലെ ഈ കഥാവജ്രം അനുവാചകമനസ്സിനെ കീറുന്നു. ഫ്യൂഡൽ പ്രഭുവിന്റെ സെക്സ് എത്ര ക്രൂരമാണെന്ന് അത് ആഴത്തോളം ചെന്നു സ്പഷ്ടമാക്കിത്തരുന്നു. പണയം വയ്ക്കപ്പെട്ട സ്ത്രീയുടെ മകളുടെ ദുരന്തത്തിന് ഒരു ഗ്രീക്ക് ട്രാജഡിയുടെ പ്രഭാവം ഉണ്ടാകുന്നു. ഹരികുമാർ വായനക്കാരുടെ ബഹുമാനവും സ്നേഹവും നേടുന്നു. (ഗുസ്തിക്കാരന്റെ കഥ 'Power' എന്ന ഗ്രന്ഥത്തിൽ നിന്ന്)

**2000**
**സാഹിത്യ വാരഫലം**
**(പ്രൊഫ. എം. കൃഷ്ണൻ നായർ)**
**സമകാലിക മലയാളം വാരിക – 22.9.2000**

...........ഞാൻ പറഞ്ഞുവരുന്നത് ഓരോ പ്രതിമയ്ക്കും അതിന്റേതായ ഭാവമുണ്ട് എന്നാണ്. നമ്മുടെ കഥാകാരന്മാർക്കും ഈ പ്രതിമകൾക്കും സാദൃശ്യമുണ്ട്. പ്രതിമകളുടെ ഏകവീക്ഷണം പോലെ ഏകഭാവം പോലെ കഥാകാരന്മാർക്കും ഒറ്റനോട്ടമേയുള്ളൂ, ഒറ്റ ഭാവമേയുള്ളൂ. ഇവിടെയാണ് മലയാളം വാരികയിൽ 'രസകരമായൊരു കഥയ്ക്കിടയിൽ' എന്ന കഥയെഴുതിയ ഇ. ഹരികുമാർ വിഭിന്നനായി നിൽക്കുന്നത്. രണ്ടു വ്യത്യസ്ത സംഭവങ്ങളിലൂടെ മനുഷ്യജീവിതത്തിന്റെ ക്രൂരതയും നന്മയും അദ്ദേഹം കലാസുന്ദരമായി ആലേഖനം ചെയ്യുന്നു. ഒരു വശത്ത് കുഞ്ഞിന്റെ മൃതദേഹം, കുഞ്ഞു മരിച്ചതിലുള്ള ദുഃഖം കൊണ്ട് മോഹാലസ്യത്തിൽ വീണ അമ്മ. കുഞ്ഞിനെ നോക്കാൻ എവിടെനിന്നോ എത്തിയ ഒരാൾ; കാരുണ്യത്തിന്റെ മൂർത്തിമദ് ഭാവമായി. മറുവശത്ത് ഒരു സ്ത്രീയെ നിന്ദിക്കുന്ന കുറേ ആളുകൾ. ആ അപവാദകഥ കേൾക്കാനാണ് ആളുകൾക്ക് കൗതുകം. കുഞ്ഞിന്റെ മൃതശരീരത്തിലും മോഹാലസ്യത്തിൽ വീണ അമ്മയിലും ആർക്കും മനസ്സിരുത്താൻ വയ്യ. ഹരികുമാർ ജീവിതത്തിന്റെ നൃശംസതയെ അപവാദ പ്രചരണം നടത്തുന്ന ഒരു കൂട്ടം ആളുകളിലൂടെ കാണിച്ചുതരുന്നു നമ്മൾക്ക്. അതിനാണ് ബഹുജനം പ്രാധാന്യം കല്പിക്കുന്നതെന്ന് കഥയുടെ തലേക്കെട്ടും സൂചിപ്പിക്കുന്നു. പ്രതിമയെപ്പോലെ ഒറ്റ നോട്ടമല്ല, ഒറ്റ ഭാവമല്ല ഹരികുമാറി നുള്ളത്. അദ്ദേഹം ജീവിതത്തിന്റെ വൈരുദ്ധ്യത്തിലും വൈജാത്യത്തിലും അന്തർ നേത്രം വ്യാപരിപ്പിക്കുന്നു. ഫലമോ? ഒന്നാന്തരം കഥ.

**2001**
**സാഹിത്യ വാരഫലം**
**(പ്രൊഫ. എം. കൃഷ്ണൻ നായർ)**
**സമകാലിക മലയാളം വാരിക – 19.1.2001**

ഈ നഗരത്തിൽ എത്ര വേഗമാണ് സൗധങ്ങൾ ഉയരുന്നത്! നമ്മൾ കൂടെക്കൂടെ ആ റോഡിലൂടെ നടക്കുന്നു. ഒരു സൗധത്തിനടുത്ത് കുറ്റിക്കാടുകൾ നിറഞ്ഞ പ്രദേശം കാണുന്നു. കുറെ ദിവസം കഴിഞ്ഞാണ് അതിലേ പോകുന്നതെങ്കിൽ ഒരിടത്തു ചുടുകല്ലുകൾ അടുക്കി വച്ചിരിക്കുന്നതു കാണാം. മറ്റൊരിടത്ത് കരിങ്കല്ലുകൾ കൂട്ടിയിട്ടിരിക്കുന്നു. മൂന്നു മാസത്തേയ്ക്ക് നിങ്ങൾ ആ വഴി പോകുന്നില്ലെന്നിരിക്കട്ടെ. എന്നിട്ട് ഒരു ദിവസം ആ വഴി ചെന്നാൽ ചുടുകല്ലുമില്ല, കരിങ്കല്ലുമില്ല. കുറ്റിക്കാടുകൾക്കു പകരം മനോഹരമായ പൂന്തോട്ടം. അതിനു പിറകിൽ സൗധം. കരിങ്കല്ലിനും ചുടുകട്ടയ്ക്കും ഒരർത്ഥവുമില്ല. എന്നാൽ അവ കൊണ്ടുണ്ടാക്കിയ സൗധം സാർത്ഥകം. ഒറ്റപ്പദങ്ങൾ അർത്ഥരഹിതങ്ങൾ. എന്നാൽ ഹരികുമാർ എന്ന കഥാകാരൻ അവയെ വേണ്ട വിധത്തിൽ സങ്കലനം ചെയ്തു വയ്ക്കുമ്പോൾ അതിനു സാർത്ഥകസ്വഭാവം വരുന്നു. സ്വാർത്ഥ തൽപരനായ ഒരു ചെറുപ്പക്കാരൻ. അയാൾ അമ്മയ്ക്ക് അയച്ചു കൊടുക്കുന്ന പണം അവർ അവരുടെ ചേട്ടനും കുഞ്ഞുങ്ങൾക്കും ചെലവാക്കുമ്പോൾ അയാൾക്കു കോപം. ആ കോപവും അതിനോടു ബന്ധപ്പെട്ട പ്രവർത്തികളും കരിങ്കല്ലുപോലെ, ചെങ്കല്ലു പോലെ അർത്ഥരഹിതം. പക്ഷേ ചേട്ടന്റെ മകളുടെ മക്കൾ അയാളെ സ്നേഹപൂർവ്വം ഉമ്മ വയ്ക്കുമ്പോൾ അയാളുടെ സ്വാർത്ഥചിന്ത ഇല്ലാതാവുന്നു. അവരിലൂടെ അയാൾ സാർത്ഥകമായ ഒരു സ്നേഹസൗധം നിർമ്മിക്കുകയാണ്.

3

**അഭിപ്രായങ്ങൾ**

എം. ഗോവിന്ദൻ
തോട്ടം രാജശേഖരൻ
പ്രൊഫ. എം. കൃഷ്ണൻ നായർ
ടി.എൻ. ജയചന്ദ്രൻ
സുന്ദർ
എൻ. സുഗതൻ
പി. ബാലകൃഷ്ണൻ
എൻ. രാജൻ
മാങ്ങോട്ട് കൃഷ്ണകുമാർ
എൻ. ശശിധരൻ
എം.കെ. ഹരികുമാർ
കെ.എസ്. സുധി
മണർകാട് മാത്യു
ഡോ. എം. ലീലാവതി
പ്രൊഫ. കല്ലട രാമചന്ദ്രൻ
ടോണി ചിറ്റേട്ടുകളം
ബാലചന്ദ്രൻ വടക്കേടത്ത്
ഡോ. മിനി പ്രസാദ്
ഡോ.സി.ആർ. സുശീലാദേവി
പ്രൊഫ. എം.കെ. സാനു
ഡോ. ഉണ്ണി ആമപ്പാറക്കൽ
ഡോ. ഇന്ദിരാ ബാലചന്ദ്രൻ
ഗീതാ ജെയിംസ്
ഡോ. കെ.എ. വാസുക്കുട്ടൻ
പി. കൃഷ്ണവാരിയർ

കലാകൗമുദിയിൽ ഹരികുമാർ എഴുതിയ ഈ കഥ – 'സൂര്യകാന്തിപ്പൂക്കൾ' എനിക്കിഷ്ടമായി.

1987
**സാഹിത്യ വാരഫലം**
**(പ്രൊഫ. എം. കൃഷ്ണൻ നായർ)**
**കലാകൗമുദി വാരിക – 129.3.1987**

എന്റെ വായനക്കാരിൽ പലരും സ്നേഹിച്ചവരോ സ്നേഹിക്കുന്നവരോ ആയിരിക്കും. എന്നാൽ ആ അനുഭവത്തേക്കാൾ എത്രയോ സമ്പന്നവും സങ്കീർണ്ണവുമാണ് സ്നേഹം പ്രതിപാദ്യവിഷയമാക്കിയിട്ടുള്ള ഒരു മാസ്റ്റർപീസ് വായിക്കുമ്പോൾ ജനിക്കുന്ന അനുഭവം. (ഉദാഹരണം ബഷീറിന്റെ ബാല്യകാല സഖി തന്നെയാവട്ടെ). നമ്മളിൽ പലരും യാത്ര നിർവ്വഹിച്ചിട്ടുള്ളവരാണ്. ആ യാത്ര പ്രദാനം ചെയ്ത അനുഭവത്തെക്കാൾ ഉത്കൃഷ്ടമാണ് ലാറൽസ് ഡ്യൂറലിന്റെ യാത്രാവിവരണങ്ങൾ നൽകുന്ന അനുഭവങ്ങൾ. യഥാർത്ഥമായ അനുഭവത്തിന് സങ്കുചിതത്വമുണ്ട്. കലാസൃഷ്ടികളിലെ അനുഭവമണ്ഡലം വിശാലമാണ്.

യുദ്ധത്തിൽ പങ്കുകൊണ്ട വായനക്കാർ എനിക്കുണ്ടെന്നുതന്നെ കരുതട്ടെ. അവരുടെ നേരിട്ടുള്ള അനുഭവങ്ങളും യുദ്ധവും സമാധാനവും എന്ന നോവലിലെ അനുഭവങ്ങളും അവർ താരതമ്യപ്പെടുത്തട്ടെ. നേരിട്ടുള്ള അനുഭവങ്ങൾ തുച്ഛങ്ങളാണെന്നു മനസ്സിലാക്കാം. കുഞ്ഞിനെ പഠിപ്പിക്കുന്നതും വളർത്തിക്കൊണ്ടുവരുന്നതും ഒക്കെ അനുഭവംതന്നെ. പക്ഷേ അവയ്ക്ക് സമ്പന്നത ഉണ്ടെന്ന് നാമറിയുന്നത് ശ്രീ ഹരികുമാർ എഴുതിയ 'ഒരു കങ്ഫ്യൂ ഫൈറ്റർ' എന്ന കഥ വായിക്കുമ്പോഴാണ്. (കലാകൗമുദിയിൽ). അനുഭവസമ്പന്നത പ്രദാനം ചെയ്ത് ജീവിതാവബോധത്തെ തീക്ഷ്ണതരമാക്കുന്നതാണ് ഉത്കൃഷ്ടസാഹിത്യം.

ഓണക്കാലം. ഒരുപയ്യൻ ആറ്റിനരികെ നിന്നു പട്ടം പറത്താൻ ശ്രമിക്കുകയാണ്. പട്ടം ഉയരുന്നതേയില്ല. അവന്റെ അച്ഛൻ അതുകണ്ട് പട്ടം വാങ്ങിയിട്ടു പറഞ്ഞു. നമുക്ക് അങ്ങേക്കരയിലേയ്ക്ക പോകാം. അവർ അവിടെ ചെന്നു. അച്ഛൻ പട്ടവുംകൊണ്ട് അല്പം ഓടിയിട്ട് അതുയർത്തി. ഒന്നിനൊന്ന് അത് ആകാശത്ത് ഉയർന്നു. നൂലു വെട്ടിച്ചുവെട്ടിച്ച് അയാൾ അത് കൂടുതൽ ഉയർത്തുകയാണ്. അപ്പോൾ മകൻ പറഞ്ഞു. 'അച്ഛാ, മതി. ഇനി പട്ടം എന്റെ കൈയിൽ തരൂ.' അച്ഛനു ദേഷ്യം. 'ഛീ മിണ്ടാതിരിയെടാ. നിന്നെ ഇങ്ങോട്ട് കൊണ്ടുവരണ്ടായിരുന്നു.' ഇവിടെ അച്ഛൻ ശിശുവായി മാറി, പരിഹാസ്യനായിത്തീരുന്നു. ഹരികുമാറിന്റെ കഥയിൽ അച്ഛനും മകനും നൈർമ്മല്യം നേടുന്നു.

1980
**സാഹിത്യ വാരഫലം**
**(പ്രൊഫ. എം. കൃഷ്ണൻ നായർ)**
**മലയാളനാട് വാരിക 9.11.1980**

ടി.എൻ. ജയചന്ദ്രൻ

ചെറുകഥാ സമാഹാരത്തിന്നുള്ള 1988-ലെ കേരളസാഹിത്യ അക്കാദമി അവാർഡു നേടിയ കൃതിയാണ് 'ദിനോസറിന്റെ കുട്ടി'. അതിന്റെ കർത്താവത്രെ ഇ. ഹരികുമാർ. ആരാണീ ഹരികുമാർ എന്നാരെങ്കിലും ചോദിച്ചാൽ അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. 'കൂറകൾ', 'വൃക്ഷഭത്തിന്റെ കണ്ണ്', 'കുങ്കുമം വിതറിയ വഴികൾ' എന്നീ മൂന്നു ചെറുകഥാ സമാഹാരങ്ങളും, 'ഉറങ്ങുന്ന സർപ്പങ്ങൾ' എന്നൊരു നോവലുമുണ്ട് ഹരികുമാറിന്റേതായിട്ട്. പക്ഷേ, ഹരികുമാർ ഇതുവരെ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതായി തോന്നുന്നില്ല. ഒരു പക്ഷേ, എന്റെ വായനയുടെ പരിമിതികൊണ്ട് ഞാൻ ശ്രദ്ധിക്കാതെ പോയതാകാം. 'ദിനോസറിന്റെ കുട്ടി'യുമായി പരിചയപ്പെട്ടപ്പോൾ ഹരികുമാർ ഇതിനുമെത്രയോ മുമ്പുതന്നെ ശ്രദ്ധിക്കപ്പെടേണ്ടതായിരുന്നു എന്നു തോന്നി. സാഹിത്യ അക്കാദമി ഈ കുറവ് നികത്തിയിരിക്കുന്നു. ഇനി ഹരികുമാറിന്റെ കഥകൾ ശ്രദ്ധിക്കപ്പെടും. ഹരികുമാറും. 'ദിനോസറിന്റെ കുട്ടി' വായിക്കുന്നവരും പറഞ്ഞുപോകും, മലയാള ചെറുകഥയിൽ ഇതാ ഒരു പുതിയ സ്വരം. ...............

പുതിയ ഒരു കണ്ടെത്തലിന്റെ സുഖമാണ് ഈ കഥകൾ നമുക്കു നൽകുക. ഇത്രയും കാലം ഹരികുമാറിനെ നാം കണ്ടിട്ടും കണ്ടില്ലല്ലോ എന്ന അപരാധ ബോധവും നമുക്കുണ്ടാവും.

1988
**– ടി.എൻ. ജയചന്ദ്രൻ.**
**ചെറുകഥയിൽ ഒരു പുതിയ സ്വരം**
**വാരാദ്യമാധ്യമം – 1988 ഫെബ്രുവരി 12**

4
**അഭിപ്രായങ്ങൾ**

എം. ഗോവിന്ദൻ
തോട്ടം രാജശേഖരൻ
പ്രൊഫ. എം. കൃഷ്ണൻ നായർ
ടി.എൻ. ജയചന്ദ്രൻ
സുന്ദർ
എൻ. സുഗതൻ
പി. ബാലകൃഷ്ണൻ
എൻ. രാജൻ
മാങ്ങോട്ട് കൃഷ്ണകുമാർ
എൻ. ശശിധരൻ
എം.കെ. ഹരികുമാർ
കെ.എസ്. സുധി
മണർകാട് മാത്യു
ഡോ. എം. ലീലാവതി
പ്രൊഫ. കല്ലട രാമചന്ദ്രൻ
ടോണി ചിറ്റേട്ടുകളം
ബാലചന്ദ്രൻ വടക്കേടത്ത്
ഡോ. മിനി പ്രസാദ്
ഡോ.സി.ആർ. സുശീലാദേവി
പ്രൊഫ. എം.കെ. സാനു
ഡോ. ഉണ്ണി ആമപ്പാറക്കൽ
ഡോ. ഇന്ദിരാ ബാലചന്ദ്രൻ
ഗീതാ ജെയിംസ്
ഡോ. കെ.എ. വാസുക്കുട്ടൻ
പി. കൃഷ്ണവാരിയർ

സുന്ദർ

ഹരികുമാറിന് നന്നായറിയുന്ന ലോകമാവണം അദ്ദേഹത്തിന്റെ കഥകളിൽ. അതിന്റെയാവണം നിറവും. നന്മ നഷ്ടപ്പെട്ട ഒരു ലോകത്ത്, അദൃശ്യമായൊരു റിമോട്ട് കൺട്രോളിന്റെ നിയന്ത്രണങ്ങളിൽപ്പെട്ട നഗരസംസ്കാരത്തിന്റെ ഇടയിൽ നിന്നും, നന്മതേടുന്ന കഥകളുമായി ഹരികുമാർ എന്ന കഥാകൃത്ത്. എന്നിട്ടും കഴിഞ്ഞ ഇരുപതിലേറെ വർഷങ്ങളിലൂടെ, ഏറെ നല്ല കഥകളെഴുതിയ, മനുഷ്യബന്ധങ്ങളുടെ സങ്കീർണ്ണലോകം കാട്ടി, വായനക്കാരുടെ ചങ്കിൽ തൊടാനൊത്ത ഹരികുമാറിനെ നമ്മുടെ നിരൂപകർ കാണാൻ തയ്യാറല്ല.

1988
**– സുന്ദർ**
**അനുതാപത്തിന്റെയും നന്മയുടെയും കഥകൾ**
**കലാകൗമുദി 1988 ജൂലൈ 17**

എൻ. സുഗതൻ

ഹരികുമാർ 1977നും 1984നും ഇടക്ക് എഴുതിയ പതിനൊന്നു കഥകളടങ്ങിയ 'ദിനോസറിന്റെ കുട്ടി' ഒരു പക്ഷെ 1987ൽ പ്രസിദ്ധീകരിച്ച ഏറ്റവും മികച്ച കഥാസമാഹാരമായിരിക്കും. അതിന്റെ മികവിനെ, ആ ഒരു വർഷത്തിൽ തളച്ചിടുന്നതുതന്നെ ശരിയല്ല. മലയാള കഥാസാഹിത്യത്തിന്റെ ആരോഗ്യപൂർണ്ണ മായ അനുസ്യൂതിയുടെ പ്രകാശവത്തായ ഒരു കണ്ണിയായി അത് കാലത്തെ അതിജീവിക്കാനാണ് സാധ്യത.

നമ്മുടെ കഥാസാഹിത്യത്തിൽ നല്ലതും ചീത്തയുമായ പല താവഴികളും ഉള്ളതിൽ ഈ കാഥികന്റേത് കാരൂരിന്റെയും പത്മനാഭന്റെയും ശ്രീരാമന്റെയും താവഴിയാണെന്ന് ഞാൻ കരുതുന്നു. മലയാള ചെറുകഥ കൈവരിച്ച മികച്ച നേട്ടങ്ങളുടെ കണക്കെടുക്കുന്ന ഒരാൾക്ക് ഇന്നല്ലെങ്കിൽ നാളെ ഇപ്പറഞ്ഞവരുടെ കൂട്ടത്തിൽ ഹരികുമാറിനെയും പരിഗണിക്കേണ്ടി വരുമെന്നതിന്റെ തെളിവുകളാണ് 'ദിനോസറിന്റെ കുട്ടി'യും മറ്റും.

1988
**– എൻ. സുഗതൻ.**
**ഈ കഥകൾ കാലത്തെ അതിജീവിക്കും**
**ദേശാഭിമാനി ജൂലൈ 21, 1988**

പി. ബാലകൃഷ്ണൻ

ഓരായം ചെത്തി കൂർപ്പിച്ച് എടുക്കലല്ല ഹരികുമാറിന്റെ കഥന രീതി. ഇത് ചിലപ്പോഴെങ്കിലും കഥയുടെ അനുഭവത്തിന്റെ തീക്ഷ്ണതയെ പ്രതികൂലമായി ബാധിക്കുന്നില്ലേ എന്ന് കഥാകൃത്തുതന്നെ പരിശോധിക്കുന്നത് നന്നായിരിക്കും. വൃക്ഷഭത്തിന്റെ കണ്ണ്, നഷ്ടക്കാരി എന്നീ കഥകൾ ഉദാഹരണം. പത്തു വർഷത്തിലേറെയായി കഥകളെഴുതുന്ന ഹരികുമാറിന്റേതായി അഞ്ചു പുസ്തകങ്ങളേ പുറത്തിറങ്ങിക്കാണുന്നുള്ളു. രണ്ടു വർഷത്തിന് ഒരു കൃതി എന്ന കണക്ക്. അത്ഭുതകരമായ സംയമനം. ഹൃദയത്തിൽ തട്ടുന്ന അനാർഭാടമായ ഒരു ശൈലി സ്വന്തമായുള്ള ഈ കഥാകൃത്തിൽ നിന്ന് ഇനിയും മികച്ച രചനകൾ പ്രതീക്ഷിക്കാം.

1988
**– പി. ബാലകൃഷ്ണൻ**
**ഇതാ കുറച്ചു നല്ലകഥകൾ**
**മാതൃഭൂമി ദിനപത്രം 1988 ഡിസംബർ 11 ഞായറാഴ്ച**

എൻ. രാജൻ

സാമാന്യയുക്തിയുടെ പിൻബലത്തിൽ ശാരദേച്ചി സമൂഹത്തിലാരും സംസാരിക്കാനിടയുള്ള ഭാഷയിൽ അതേ വാക്കുകളുപയോഗിച്ച് ലക്ഷങ്ങളുടെയും വിറ്റ നെല്ലിന്റെയും കണക്കു പറഞ്ഞു തന്റെ ലാഭവിഹിതം വർദ്ധിപ്പി ക്കാൻ പാടുപെടുമ്പോൾ മാധവിയുടെ മനസ്സ് അന്നേരം എവിടെയായിരുന്നു? സ്നേഹത്തിന്റെ പഴയ ലോകത്ത്. അവിടെ പറന്ന മഴത്തുമ്പികൾ. അന്നത്തെ സന്ധ്യാവിളക്കും നാമജപവും. ജനൽ തുറന്നിട്ടു കണ്ട മഴയുടെ ഭംഗി, പിന്നെ...... മുളങ്കാടുകൾ, അപ്പുറത്ത് മാവു പൂത്ത വാസനയും കാലിന്നടിയിലൂടെ ഉള്ളിലാകെ പടർന്നു പിടിച്ചു പെയ്ത മഴയുടെ നനവും, ഇടവഴിയിലെ ചീഞ്ഞ ഇലകളുടെയും ഇലഞ്ഞിപ്പൂവുകളുടെയും മണവുമെല്ലാം തിരിച്ചറിയാൻ മാത്രം സംവേദനക്ഷമമായ ആർദ്രമനസ്സുകൾക്ക് മാത്രമേ മാധവി പറയുന്ന കഥയില്ലാകാര്യങ്ങളുടെ പൊരുളറിയാനാവൂ, (ശ്രീപാർവ്വതിയുടെ പാദം). ഇ. ഹരികുമാറിന്റെ പ്രസക്തിയും

5
**അഭിപ്രായങ്ങൾ**

എം. ഗോവിന്ദൻ
തോട്ടം രാജശേഖരൻ
പ്രൊഫ. എം. കൃഷ്ണൻ നായർ
ടി.എൻ. ജയചന്ദ്രൻ
സുന്ദർ
എൻ. സുഗതൻ
പി. ബാലകൃഷ്ണൻ
എൻ. രാജൻ
മാങ്ങോട്ട് കൃഷ്ണകുമാർ
എൻ. ശശിധരൻ
എം.കെ. ഹരികുമാർ
കെ.എസ്. സുധി
മണർകാട് മാത്യു
ഡോ. എം. ലീലാവതി
പ്രൊഫ. കല്ലട രാമചന്ദ്രൻ
ടോണി ചിറ്റേട്ടുകളം
ബാലചന്ദ്രൻ വടക്കേടത്ത്
ഡോ. മിനി പ്രസാദ്
ഡോ.സി.ആർ. സുശീലാദേവി
പ്രൊഫ. എം.കെ. സാനു
ഡോ. ഉണ്ണി ആമപ്പാറക്കൽ
ഡോ. ഇന്ദിരാ ബാലചന്ദ്രൻ
ഗീതാ ജെയിംസ്
ഡോ. കെ.എ. വാസുക്കുട്ടൻ
പി. കൃഷ്ണവാരിയർ

അതുതന്നെ.

1989
**– എൻ. രാജൻ**
**ആർദ്രസ്നേഹത്തിന്റെ കണ്ണീരുറവകൾ**
**എക്സ്പ്രസ്സ് – തൃശൂർ, 1989 ജനുവരി 28 ശനി**

---

മാങ്ങോട്ട് കൃഷ്ണകുമാർ

ദുഃഖം തണുത്തുറഞ്ഞ മഞ്ഞുകട്ടയുടെ മരവിപ്പുണ്ടാക്കുമ്പോഴും പ്രസാദാത്മകത്വത്തിന്റെ ഇളവെയിലിൽ ആശ്വാസം തേടിനടക്കുന്ന അപൂർവ്വം കാഥികരിലൊരാളാണ് ശ്രീ ഇ. ഹരികുമാർ. ദുഃഖിതരാണ് ഈ കഥയെഴുത്തുകാരന്റെ കഥാപാത്രങ്ങളിൽ മിക്കവരും. പരുക്കൻ ജീവിതത്തിന്റെ ദുഃഖഭാരങ്ങൾ ചുമക്കുകയും ആശാഭംഗങ്ങൾ നേരിടുകയും ചെയ്യുന്ന ഈ കഥാപാത്രങ്ങൾ നമ്മെ കണ്ണുനീർക്കയത്തിലാഴ്ത്തുന്നില്ല. മറിച്ച്, കൂരിരുട്ടിൽ വഴിയറിയാതെ ഉഴറി നടക്കുമ്പോഴും അകലെ എവിടെയോ പ്രത്യാശയുടെ സൂര്യകിരണങ്ങളുണ്ടെന്ന് നമ്മെ ഓർമ്മപ്പെടുത്തുകയും ആശ്വാസം തേടി അലയുകയുമാണ് അവർ ചെയ്യുന്നത്.

'കൂറക'ളിൽ നിന്ന് 'ദിനോസറിന്റെ കുട്ടി'യിലേയ്ക്ക് ഹരികുമാർ വളരുകയും കരുത്തുനേടുകയും ചെയ്യുന്നുവെന്ന് ഈ കഥകൾ വിളംബരം ചെയ്യുന്നു. ഒന്നുകൂടി പറയട്ടെ, നേരമ്പോക്കിനുവേണ്ടി വായിക്കാവുന്ന കഥകളെഴുതുകയല്ല ഹരികുമാർ ചെയ്യുന്നത്. സഹൃദയനായ ഒരു അനുവാചകന് വായനയ്ക്കു ശേഷവും അയവിറക്കാവുന്ന അനുഭവങ്ങളെ പങ്കിടുകയാണ്.

1989
**– മാങ്ങോട്ട് കൃഷ്ണകുമാർ**
**ഇളവെയിലിന്റെ സാന്ത്വനം**
**മാതൃഭൂമി ആഴ്ചപ്പതിപ്പ് – 1989 ജൂൺ 4 – 10**

---

എൻ. ശശിധരൻ

ആധുനികരുടെ സഹയാത്രികനായാണ് ഹരികുമാറും എഴുതിത്തുടങ്ങിയത് എന്ന് 'കൂറകൾ' എന്ന ആദ്യസമാഹാരം സാക്ഷ്യപ്പെടുത്തുന്നു. പക്ഷേ, വളരെപ്പെട്ടെന്ന് അദ്ദേഹം സ്വന്തം തട്ടകം കണ്ടെത്തുകയുണ്ടായി. 'കൂറകളി' ൽ നിന്നു 'ദിനോസറിന്റെ കുട്ടി'യിലേക്ക് ഹരികുമാർ പിന്നിട്ട ദൂരം വളരെയാണ്. ജീവിതാവസ്ഥകളുടെ നിഗൂഢചലനങ്ങൾ അനുഭവിച്ചറിയുന്ന എപ്പോഴും ഉണർന്നിരിക്കുന്ന ഒരു മനസ്സ് അദ്ദേഹത്തിന്റെ കഥകളിലുടനീളമുണ്ട്. വളരെ അനായാസമായി, അനാർഭാടമായി ഹരികുമാർ കഥകൾ പറയുന്നു. എന്ത് പറയുന്നു എന്നതിൽ തന്നെയാണ് എപ്പോഴും അദ്ദേഹത്തിന്റെ നിഷ്കർഷ. ഈ കഥാകൃത്ത് ഇതിനകം നേടിയ സഹൃദയശ്രദ്ധക്ക് പിറകിലുള്ള പ്രധാനഘടകവും ഇതുതന്നെ.

1990
**– എൻ. ശശിധരൻ.**
**ജ്ഞാനിയായ വിധേയൻ**
**ദേശാഭിമാനി വാരിക – 1990 ജനുവരി 14–20**

---

എം.കെ. ഹരികുമാർ

വിഖ്യാതകവി ഇടശ്ശേരിയുടെ മകനായി ജനിച്ച ഹരികുമാറിന് കാവ്യബോധം ഏറെയുണ്ട്. ഇത് അദ്ദേഹത്തിന്റെ കഥകൾക്ക് പ്രത്യേകമായ ഒരു ഭാവതലം ഒരുക്കിക്കൊടുക്കുന്നു. 'പൂച്ചെടി വിൽക്കുന്നവർ നുണപറയില്ല'. 'താമസി', 'ഒരു കടം കൂടി' എന്നീ കഥകളിലെല്ലാം അശരണവും ബലഹീനനുമായ മനുഷ്യനെ അവതരിപ്പിച്ച് ആധുനിക ജീവിതത്തിന്റെ നാഗരികതയുടെ ഒട്ടും ആകർഷകമല്ലാത്ത മുഖങ്ങൾ അനാവരണം ചെയ്യുന്നു. ജീവിതത്തിന്റെ സ്നേഹരാഹിത്യവും വൈരൂപ്യവും കുറച്ചൊന്നുമല്ല ഈ കഥാകൃത്തിനെ വിഷമിപ്പിക്കുന്നത്. ജീവിതത്തിന് അനുയോജ്യനായ മനുഷ്യനെവിടെയെന്ന അർത്ഥവത്തായ ചോദ്യം തന്റെ കഥകളിൽ ഒളിപ്പിച്ചുവെച്ചിരിക്കുകയാണ് ഈ കഥാകൃത്ത്. (ശ്രീപാർവ്വതിയുടെ പാദം)

1991
**– എം.കെ. ഹരികുമാർ.**
**ഹരികുമാറിന്റെ കഥകൾ**
**എക്സ്പ്രസ്, തൃശൂർ – ഡിസംബർ 1991**

---

കെ.എസ്. സുധി

ഇന്നും മലയാള കഥാരംഗത്ത് സജീവമായി നിലനിൽക്കുന്ന ഒ.വി. വിജയനും മുകുന്ദനും സേതുവുമൊക്കെ തങ്ങളുടെ സാന്നിദ്ധ്യം ഇടിമുഴക്കത്തിന്റെ

6
**അഭിപ്രായങ്ങൾ**

എം. ഗോവിന്ദൻ
തോട്ടം രാജശേഖരൻ
പ്രൊഫ. എം. കൃഷ്ണൻ നായർ
ടി.എൻ. ജയചന്ദ്രൻ
സുന്ദർ
എൻ. സുഗതൻ
പി. ബാലകൃഷ്ണൻ
എൻ. രാജൻ
മാങ്ങോട്ട് കൃഷ്ണകുമാർ
എൻ. ശശിധരൻ
എം.കെ. ഹരികുമാർ
കെ.എസ്. സുധി
മണർകാട് മാത്യു
ഡോ. എം. ലീലാവതി
പ്രൊഫ. കല്ലട രാമചന്ദ്രൻ
ടോണി ചിറ്റേട്ടുകളം
ബാലചന്ദ്രൻ വടക്കേടത്ത്
ഡോ. മിനി പ്രസാദ്
ഡോ.സി.ആർ. സുശീലാദേവി
പ്രൊഫ. എം.കെ. സാനു
ഡോ. ഉണ്ണി ആമപ്പാറക്കൽ
ഡോ. ഇന്ദിരാ ബാലചന്ദ്രൻ
ഗീതാ ജെയിംസ്
ഡോ. കെ.എ. വാസുക്കുട്ടൻ
പി. കൃഷ്ണവാരിയർ

കരുത്തോടെ പ്രകടമാക്കിയിരുന്ന കാലത്തു തന്നെയാണ് ഇ. ഹരികുമാർ കഥാരചന ആരംഭിച്ചതും. പ്രമുഖ സ്വാധീനവലയങ്ങളെയെല്ലാം അതിജീവിച്ച് തനതു ശൈലിയുമായി നിലകൊണ്ട ഒരു കഥാകാരൻ കഴിഞ്ഞ മുപ്പതു കൊല്ലമായി വായിക്കപ്പെടുന്നു എന്നത് കഥയെ സംബന്ധിച്ച് ആശ്വാസകരമായ വസ്തുതയാണ്. ഈ കഥാകാരന്റെ ഓരോ കഥയും വായനക്കാരനെ വീണ്ടും വായിക്കാൻ പ്രേരിപ്പിയ്ക്കുമ്പോൾ പേരറിയാത്ത അനുഭൂതിയുടെ തീരത്തേയ്ക്ക് കൂട്ടിക്കൊണ്ടു പോകുമ്പോൾ, കഥാകൃത്ത് വിജയിക്കുകയാണ്. അങ്ങനെ രചനയ്ക്ക് കുറേയേറെ കാലങ്ങൾക്കു ശേഷവും ഈ കഥകൾ വായിക്കപ്പെടുന്നു എന്നത് മലയാള കഥയിൽ ഉരുത്തിരിഞ്ഞ നവഭാവുകത്വത്തിന്റെ വിജയഗാഥ കൂടിയാവുന്നു.

1993
**– കെ.എസ്. സുധി**
**സ്പന്ദിക്കുന്ന സമാന്തരങ്ങൾ**
**സാഹിത്യലോകം – 1993**

>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

മണർകാട് മാത്യു

ആധുനികമോ അത്യന്താധുനികമോ ഹരിയുടെ കഥകൾ എന്നു വിവേചിക്കാനോ തരംതിരിക്കാനോ എനിക്കറിയില്ല. ഞാനൊരു സാധാരണവായനക്കാരൻ. പക്ഷെ ഒരു കാര്യം ഈ വായനക്കാരൻ തിരിച്ചറിയുന്നു: ഹരികുമാർ കാല്പനികതയുടെ കഥാകാരനാണ്. മാനവികതയിലെ കാല്പനിക ഭാവത്തിന്റെ കഥാകാരൻ.

1994
**– മണർകാട് മാത്യു.**
**'എഞ്ചിൻ ഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി'**
**എന്ന നോവലിന്റെ ആമുഖകുറിപ്പിൽ നിന്ന്. 1994**

>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

ഡോ. എം. ലീലാവതി

കുട്ടികളെ കഥാപാത്രങ്ങളാക്കിയ മികച്ച കഥകൾ മലയാളത്തിൽ ധാരാളമുണ്ടായിട്ടുണ്ട്. ഉറൂബ്, എം.ടി., പദ്മനാഭൻ, മാധവിക്കുട്ടി, സി. രാധാകൃഷ്ണൻ, സക്കറിയ, വിജയൻ, മുകുന്ദൻ മുതലായവരുടെ പല മികച്ച കഥകളിലും കുട്ടികളാണ് കഥാപാത്രങ്ങൾ. ചെറുകഥാ രചനാതന്ത്രത്തിൽ ഇവരിലാരുടെയും പിന്നിലല്ല ഇ. ഹരികുമാർ. തന്മൂലം, 1997-ലെ ചെറുകഥയ്ക്കുള്ള 'പദ്മരാജൻ അവാർഡ്' ഹരികുമാറിനു നൽകപ്പെട്ടത് ഏറ്റവും ഉചിതമായി.

ഹരികുമാറിന്റെ കഥകൾ ജീവിതസത്യത്തിന്റെ കള്ളിയിൽ ഉറച്ചുനിൽക്കുന്നു. ഇടശ്ശേരിയുടെ കവിതപോലെ. വലിയൊരു അച്ഛന്റെ വലിയൊരു മകൻ. ഇടശ്ശേരിയുടെ പല കവിതകളും വൃത്തബദ്ധമായ കഥകളാണ്. ഹരികുമാറിന്റെ പല കഥകളും നിർവൃത്തമായ നല്ല കവിതകളും.

1998
**– ഡോ. എം. ലീലാവതി**
**ഹരികുമാറിന്റെ രണ്ടു കഥകൾ**
**സമകാലിക മലയാളം വാരിക 1998 ജൂലൈ 24**

>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

പ്രൊഫ. കല്ലട രാമചന്ദ്രൻ

..........ഇ. ഹരികുമാർ മനുഷ്യബന്ധങ്ങളെ കാല്പനികമായ കാഴ്ചപ്പാടിലാണ് അവതരിപ്പിക്കുന്നത്. എം.ടി.യുടെയോ മോഹനന്റെയോ കഥാലോകങ്ങളുടെ വർണ്ണങ്ങൾ ഈ കഥാകൃത്തിന്റെ രചനകളിലും കാണാം. പൊതുവേ ഇവരുടെ കഥകൾ (ഇ.വി. ശ്രീധരൻ, ശത്രുഘ്നൻ, യു.കെ. കുമാരൻ, ഇ. ഹരികുമാർ) ആധുനികരുടെയും ഉത്തരാധുനികരുടെയും കഥകളിൽനിന്ന് വേറിട്ടു നില്ക്കുകയും കഥകളിലുടനീളം ഭാവഗീതത്തിന്റെ സ്വഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇത് പരിവർത്തനഘട്ടത്തിലെ നമ്മുടെ പ്രമുഖ ചെറുകഥാകാരന്മാരായ പത്മനാഭനും എം.ടി.യും മോഹനനും പ്രകടിപ്പിച്ച സംസ്കാരത്തിന്റെ പിൻതുടർച്ചയാണ്. അതുകൊണ്ട് പരിവർത്തന കഥാകാരന്മാരുടെയും ആധുനിക കഥാകാരന്മാരുടെയും കാര്യത്തിലെന്നപോലെ ഇവരുടെ കഥകൾക്കും ഗൗരവപൂർവ്വമായ മൂല്യനിർണ്ണയം അനിവാര്യമായിരിക്കുന്നു.

1998
**പ്രൊഫ. കല്ലട രാമചന്ദ്രൻ**
**പരിവർത്തനകഥയും അത് സൃഷ്ടിച്ച പാരമ്പര്യവും**
**വാരാന്ത്യകൗമുദി – സെപ്റ്റമ്പർ 6, 1998**

*കുറിപ്പ് : ഇ.ഹരികുമാറിന്റെ കഥകളെപ്പറ്റി വിശദമായ ഒരു പഠനത്തിനുള്ള തയ്യാറെടുക്കുകയായിരുന്നു പ്രൊഫ. കല്ലട രാമചന്ദ്രൻ. അതു മുഴുമിപ്പിക്കുന്നതിനു മുമ്പ് അദ്ദേഹം ജീവിതത്തിൽനിന്ന് യാത്രപറഞ്ഞു പോയി. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കു മുമ്പിൽ കൂപ്പുകൈ.*

>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

7

**അഭിപ്രായങ്ങൾ**

എം. ഗോവിന്ദൻ
തോട്ടം രാജശേഖരൻ
പ്രൊഫ. എം. കൃഷ്ണൻ നായർ
ടി.എൻ. ജയചന്ദ്രൻ
സുന്ദർ
എൻ. സുഗതൻ
പി. ബാലകൃഷ്ണൻ
എൻ. രാജൻ
മാങ്ങോട്ട് കൃഷ്ണകുമാർ
എൻ. ശശിധരൻ
എം.കെ. ഹരികുമാർ
കെ.എസ്. സുധി
മണർകാട് മാത്യു
ഡോ. എം. ലീലാവതി
പ്രൊഫ. കല്ലട രാമചന്ദ്രൻ
ടോണി ചിറ്റേട്ടുകളം
ബാലചന്ദ്രൻ വടക്കേടത്ത്
ഡോ. മിനി പ്രസാദ്
ഡോ.സി.ആർ. സുശീലാദേവി
പ്രൊഫ. എം.കെ. സാനു
ഡോ. ഉണ്ണി ആമപ്പാറക്കൽ
ഡോ. ഇന്ദിരാ ബാലചന്ദ്രൻ
ഗീതാ ജെയിംസ്
ഡോ. കെ.എ. വാസുക്കുട്ടൻ
പി. കൃഷ്ണവാരിയർ

ടോണി ചിറ്റേട്ടുകളം

ലോകത്തിലേയ്ക്കു മലർക്കെ തുറന്നിട്ട ഒരു വാതിൽ. കഥാകാരന്റെ മനസ്സ് ഈ വിധമാകുമ്പോൾ യാഥാർത്ഥ്യങ്ങൾ അവഗണിക്കപ്പെടുന്നില്ല. അതുകൊണ്ടുതന്നെ ഈ സമീപനമാണ് ഇ. ഹരികുമാറിന്റെ കഥകളുടെ ബലം. ജീവിതത്തിന്റെ തിക്തസ്വഭാവം പലപ്പോഴും കഥകൾക്ക് വിഷയീഭവിക്കുന്നു. ഈ യാഥാർത്ഥ്യബോധത്തിന്റെ ഫലമെന്നോണം കുട്ടികളുടെ മനസ്സിനെ ചിത്രീകരിക്കുന്ന ഏറെക്കഥകളും ഹരികുമാറിന്റേതായുണ്ട്. ‘ഏറ്റവും മഹത്തായ കാഴ്ച’, ‘പച്ചപ്പയ്യിനെ പിടിക്കാൻ’ എന്നിവ തന്നെ മികച്ച ഉദാഹരണം.

1999
**– ടോണി ചിറ്റേട്ടുകളം**
**തെരുവോരത്തെ കുട്ടിസർക്കസ്സ്**
**സൺഡേ ദീപിക. 1999 ഫെബ്രുവരി 14**

---

ബാലചന്ദ്രൻ വടക്കേടത്ത്

വൈകാരികാനുഭൂതികൾക്ക് സവിശേഷ പ്രാധാന്യം നൽകിക്കൊണ്ടാണ് ഇ. ഹരികുമാർ എഴുതുന്നത്. മറ്റു പലരുടെയും കഥകൾക്കില്ലാത്തവിധം വികാരം ഒരു സൂക്ഷ്മപ്രപഞ്ചം സൃഷ്ടിക്കുന്നത് ഹരികുമാറിന്റെ കഥകളിൽ നാം കണ്ടെത്തുന്നു.

1999
**– ബാലചന്ദ്രൻ വടക്കേടത്ത്.**
**പ്രസ്ഥാനങ്ങൾ അലട്ടാത്ത ആഖ്യാനരൂപങ്ങൾ**
**സമകാലിക മലയാളം 1999 ആഗസ്റ്റ് 6**

---

ഡോ. മിനി പ്രസാദ്

പതിഞ്ഞ ശബ്ദത്തിൽ ആരവങ്ങളൊന്നുമില്ലാതെ പറഞ്ഞ ഈ കഥകൾ (‘ദൂരെ ഒരു നഗരത്തിൽ’, ‘പച്ചപ്പയ്യിനെ പിടിക്കാൻ’ എന്നീ സമാഹാരങ്ങളിലെ കഥകൾ) നമ്മുടെ വായനയെ സമ്പന്നമാക്കുന്നു. കഥയിലെ പരീക്ഷണങ്ങൾ അരങ്ങേറുന്ന ഇക്കാലത്ത് ടെക്നിക്കുകൾ കഥകളായി മാറിക്കൊണ്ടിരിക്കുമ്പോൾ ഇവ വ്യത്യസ്തമാവുകയാണ്. അമ്മുവിന്റെ കഥകളെക്കുറിച്ചു പറയുമ്പോൾ വ്യാകരണം കടന്നുകൂടി ദുഷിപ്പിക്കാത്ത ഭാഷയാണ് അമ്മുവിന്റെ കഥകൾക്ക് എന്ന് ഹരികുമാർ പറയുന്നു. ഏതാനും വാക്കുകളിൽ ഒരു വികാരപ്രപഞ്ചം മുഴുവനും ഒതുങ്ങുന്നു എന്നും. ഈ സമാഹാരത്തിലെ കഥകൾക്കും ഇതേ വിശേഷണം തീർച്ചയായും ഇണങ്ങുന്നുണ്ട്.

1999
**– ഡോ. മിനി പ്രസാദ്.**
**ഏതു നഗരത്തിലേയും കഥകൾ**
**ആശയസമന്വയം, 1999 നവംബർ**

---

ഡോ. സി.ആർ. സുശീലാദേവി

കലാസൃഷ്ടിയെന്ന നിലയ്ക്ക് വായനാനുഭവമാകുന്ന നല്ല കഥകൾ ഇ. ഹരികുമാറിന്റേതായിട്ടുണ്ട്. ശക്തവും ആർദ്രവുമായ ധിഷണയും വികാരവും ഇഴചേർന്ന മനോഹരമായ ശൈലി ഹരികുമാറിന്റെ കഥനകഥയ്ക്ക് സ്വായത്തമാണ്. അനേകമാനങ്ങളിൽ ആസ്വാദമാകുന്ന ആ ശൈലിയുടെ സാന്നിദ്ധ്യം പുതിയ സമാഹാരമായ ‘ദൂരെ ഒരു നഗരത്തി’ലെ നാലോ അഞ്ചോ കഥകളിൽ അനുഭൂതമാകുന്നു.

2000
**– ഡോ. സി. ആർ. സുശീലാദേവി.**
**കഥനകഥയിലെ ആപേക്ഷികത**
**ഇന്ത്യാ ടുഡേ ജൂലായ് 19, 2000**

---

പ്രൊഫ. എം.കെ. സാനു

മലയാള ചെറുകഥയെക്കുറിച്ചുള്ള വിവരണങ്ങളിൽ ഇ. ഹരികുമാർ എന്ന പേര് പ്രത്യക്ഷപ്പെട്ടു കാണാറില്ല. ആ കഥകൾ വർഗ്ഗീകരണത്തിന് വഴങ്ങാത്തതു മൂലമാണോ അങ്ങനെ സംഭവിക്കുന്നത്? ആണെന്ന് തോന്നുന്നില്ല. വിവരണങ്ങളെഴുതുന്നവരാരും ഇക്കാലത്ത് വർഗ്ഗീകരണത്തിന് മുതിരാറില്ല. എങ്കിൽപ്പിന്നെ, പ്രകടമായ വ്യത്യസ്തതയോ നിറക്കൂട്ടോ ആ കഥകളിലില്ലെന്നുള്ളതായിരിക്കുമോ അതിനു കാരണം? നിശ്ചയമില്ല. ഇപ്രകാരം ആലോചിക്കാൻ നിൽക്കാതെ തുലോം നിസ്സാരമായ ഒരു വസ്തുതയിൽ ആ കാരണം കണ്ടെത്തുന്നതല്ലേ ഉചിതം? തന്റെ കഥയെക്കുറിച്ച് സ്വയം മേനിപറയാനോ, പബ്ലിസിറ്റിയുടെ അരങ്ങുകൾ തോറും കയറിയിറങ്ങി സ്വയം പ്രദർശിപ്പിക്കാനോ ഇ. ഹരികുമാർ തുനിയു ന്നില്ല എന്ന വസ്തുതയിൽ? ഒടുവിലത്തേതാണ് ശരിയായ കാരണമെന്ന് എനിക്ക് തോന്നുന്നു. വിമർശനത്തിന്റെ

**അഭിപ്രായങ്ങൾ**

എം. ഗോവിന്ദൻ
തോട്ടം രാജശേഖരൻ
പ്രൊഫ. എം. കൃഷ്ണൻ നായർ
ടി.എൻ. ജയചന്ദ്രൻ
സുന്ദർ
എൻ. സുഗതൻ
പി. ബാലകൃഷ്ണൻ
എൻ. രാജൻ
മാങ്ങോട്ട് കൃഷ്ണകുമാർ
എൻ. ശശിധരൻ
എം.കെ. ഹരികുമാർ
കെ.എസ്. സുധി
മണർകാട് മാത്യു
ഡോ. എം. ലീലാവതി
പ്രൊഫ. കല്ലട രാമചന്ദ്രൻ
ടോണി ചിറ്റേട്ടുകളം
ബാലചന്ദ്രൻ വടക്കേടത്ത്
ഡോ. മിനി പ്രസാദ്
ഡോ.സി.ആർ. സുശീലാദേവി
പ്രൊഫ. എം.കെ. സാനു
ഡോ. ഉണ്ണി ആമപ്പാറക്കൽ
ഡോ. ഇന്ദിരാ ബാലചന്ദ്രൻ
ഗീതാ ജെയിംസ്
ഡോ. കെ.എ. വാസുക്കുട്ടൻ
പി. കൃഷ്ണവാരിയർ

ഇപ്പോഴത്തെ സ്വഭാവം വച്ചുനോക്കുമ്പോൾ അങ്ങനെ തോന്നാതിരിക്കാൻ ഒരു ന്യായവുമില്ല. എങ്കിലും ഇ. ഹരികുമാറിന്റെ കഥകളിലെ ഒരു ഗുണത്തെക്കുറിച്ച് ഇവിടെ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. ആ ഗുണത്തിന് കപടലാളിത്യം എന്ന പേര് ഞാൻ നൽകുന്നു. ഒറ്റ നോട്ടത്തിൽ കണ്ണിൽപ്പെടാവുന്ന ബാഹ്യമോടികളോ, ഭാഷാ പ്രായോഗ വൈചിത്ര്യമോ അവയിലില്ല. സൂക്ഷ്മങ്ങൾക്കു മാത്രമേ ഉപരിതലത്തിലെ ലാളിത്യത്തി നടിയിലെ ആഴം ദർശിക്കാനാവുകയുള്ളൂ. ഈ ഗുണവിശേഷം വിശദമാക്കാനു പകരിക്കുന്ന ഒരു കഥയാണ് തൽക്കാലം എന്റെ മുമ്പിലിരിക്കുന്നത്. ഇക്കഴിഞ്ഞ വർഷം തൃശ്ശൂർ കറന്റ് ബുക്സ് പ്രകാശിപ്പിച്ച 'ആസക്തിയുടെ അഗ്നിനാളങ്ങൾ' എന്ന നോവൽ.

'ആസക്തിയുടെ അഗ്നിനാളങ്ങൾ' തീർച്ചയായും അസാധാരണലാവണ്യം തുളുമ്പുന്ന കഥയാണ്. ഭാഷ ലളിതമാണെന്നിലും ആ ലാളിത്യത്തിൽ ഗഹനതയുടെ സാന്ദ്രതയുണ്ട്. അതിൽ കാവ്യബിംബങ്ങൾ സമുചിതമായി സ്ഥാനം നേടിയിരിക്കുന്നു. ഉദ്ദിഷ്ടഭാവം ഉദ്ദീപിപ്പിക്കുന്നതിൽ അവ വഹിക്കുന്ന പങ്ക് ചെറുതല്ല.

2001
**– പ്രൊഫ. എം.കെ. സാനു**
**വഴിയമ്പലത്തിലെ പകൽക്കിനാവുകൾ**
**കുങ്കുമം വാരിക, 1.4.2001**

ഡോ. ഉണ്ണി ആമപ്പാറക്കൽ

ആധുനികതയുടെയും ഉത്തരാധുനികതയുടെയും അതിർവരമ്പിൽ നിന്നുകൊണ്ട് നവനാഗരിക സംസ്കാരത്തിന്റെ ഉള്ളറകളെ തുറന്നെഴുതുന്ന എഴുത്തുകാരുടെ കൂട്ടത്തിൽ ശ്രദ്ധേയനായ ചെറുകഥാകൃത്താണ് ഇ. ഹരികുമാർ. സാഹിത്യബലവും കഥാകഥനപാടവവും പൈതൃകമായി കൈവന്ന ഹരികുമാർ മനുഷ്യജീവിതത്തിന്റെ ആഴങ്ങൾ അതിസൂക്ഷ്മതയോടെ ആവിഷ്കരിക്കുന്നു. പതിമൂന്നു കഥകളുടെ സമാഹാരമായ 'അനിതയുടെ വീട്' ഇതു സാക്ഷ്യപ്പെടുത്തുന്നു.

നവ ഉപഭോഗസംസ്കാരവും വിവരസാങ്കേതിക വിദ്യയുടെ കടന്നുകയറ്റവും ജീവിതത്തെ എത്രമാത്രം മാറ്റിത്തീർത്തിരിയ്ക്കുന്നു എന്ന് ഹരികുമാറിന്റെ കഥകൾ വ്യക്തമാക്കുന്നു. അഭയമറ്റ വാർദ്ധക്യവും പ്രതീക്ഷയറ്റ ജീവിതവും നമുക്കിവിടെ കാണാം. നൈർമല്യം നഷ്ടപ്പെട്ട പ്രണയവും മനുഷ്യത്വം ചോർന്നുപോയ സമൂഹവും ജീവിതത്തിന്റെ നേർപ്പകർപ്പുകളാവുന്നു. ആധുനിക-ഉത്തരാധുനിക കള്ളികളിൽ വേർതിരിച്ചുനിർത്താനാവാത്ത ഇക്കഥകൾ വായനയുടെ അപാരമായ സാദ്ധ്യതകളെ നിലനിർത്തുന്നുണ്ട്.

2006
**– ഡോ. ഉണ്ണി ആമപ്പാറക്കൽ**
**ജീവിതത്തിന്റെ അടയാളങ്ങൾ**
**കവനകൗമുദി – മെയ്-ജൂലൈ 2006**

ഡോ. ഇന്ദിരാ ബാലചന്ദ്രൻ

കൊടിയ വേനലിൽ ഇടിമുഴക്കങ്ങൾക്ക് കാതോർത്ത് മഴമേഘങ്ങളെ വരവേൽക്കാൻ പ്രാർത്ഥനാപൂർവ്വം കാത്തിരിയ്ക്കുന്ന വേഴാമ്പലുകളെപ്പോലെയാണ് സാഹിത്യാസ്വാദകർ. അവർക്കിടയിലേയ്ക്ക് മഴനൂലിന്റെ സാന്ത്വനം പോലെ കടന്നുവന്ന കൃതിയാണ് ഇ. ഹരികുമാറിന്റെ 'കറുത്ത തമ്പ്രാട്ടി.'

2006
**– ഡോ. ഇന്ദിരാ ബാലചന്ദ്രൻ.**
**ഹൃദ്യമായ ജീവിതചിത്രങ്ങൾ**
**സമകാലിക മലയാളം വാരിക – 10.11.2006**

ഗീതാ ജെയിംസ്

ആർജ്ജവമുള്ള ഭാഷയാണ് ഹരികുമാറിന്റേത്. ഹൃദയത്തെ തൊട്ടുണർത്താൻ പോന്ന ഭാവസാന്ദ്രതയും മൃദുത്വമുള്ള വാക്കുകൾ, പാരമ്പര്യമായി അദ്ദേഹത്തിനു പകർന്നു കിട്ടിയ ഭാഷാവരത്തിന്റെ സാന്നിധ്യമറിയിക്കുന്നു. തികച്ചും സ്വാഭാവികമായ ഭാഷയിലാണ് അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ സംസാരിക്കുന്നത്. പ്രമേയ സ്വീകരണത്തിലെ അനാർഭാടത തന്നെയാണ് ഭാഷാശൈലിയിലും അദ്ദേഹം സ്വീകരിക്കുന്നത്. നവഭാവുകത്വത്തിന്റെ കടന്നുകയറ്റം, ഇന്ന് ചെറുകഥാസാഹിത്യത്തെ സങ്കീർണ്ണവും ദുർഗ്രഹവുമാകുമ്പോൾ, ഹരികുമാറിന്റെ കഥകൾ പ്രമേയ സ്വീകരണത്തിലെ ലാളിത്യംകൊണ്ട് ആസ്വാദകരെ നേടുന്നു.

**– ഗീതാ ജെയിംസ്.**
**കൗതുകമുണർത്തുന്ന സ്ത്രീപക്ഷകഥകൾ**
**കലാകൗമുദി വാരിക – 26.11.2006**

എം. ഗോവിന്ദൻ
തോട്ടം രാജശേഖരൻ
പ്രൊഫ. എം. കൃഷ്ണൻ നായർ
ടി.എൻ. ജയചന്ദ്രൻ
സുന്ദർ
എൻ. സുഗതൻ
പി. ബാലകൃഷ്ണൻ
എൻ. രാജൻ
മാങ്ങോട്ട് കൃഷ്ണകുമാർ
എൻ. ശശിധരൻ
എം.കെ. ഹരികുമാർ
കെ.എസ്. സുധി
മണർകാട് മാത്യു
ഡോ. എം. ലീലാവതി
പ്രൊഫ. കല്ലട രാമചന്ദ്രൻ
ടോണി ചിറ്റേട്ടുകളം
ബാലചന്ദ്രൻ വടക്കേടത്ത്
ഡോ. മിനി പ്രസാദ്
ഡോ.സി.ആർ. സുശീലാദേവി
പ്രൊഫ. എം.കെ. സാനു
ഡോ. ഉണ്ണി ആമപ്പാറക്കൽ
ഡോ. ഇന്ദിരാ ബാലചന്ദ്രൻ
ഗീതാ ജെയിംസ്
ഡോ. കെ.എ. വാസുക്കുട്ടൻ
പി. കൃഷ്ണവാരിയർ

### ഡോ. കെ.എ. വാസുക്കുട്ടൻ

1962-ൽ തന്റെ ആദ്യത്തെ കഥ - 'മഴയുള്ള രാത്രിയിൽ' - പ്രകാശിപ്പിച്ച ഇ. ഹരികുമാർ ഇന്നു മലയാളത്തിലെ ഏറ്റവും ശ്രദ്ധേയരായ കഥാകൃത്തുക്കളിൽ ഒരാളാണ്. 'ദൂരെ ഒരു നഗരത്തിൽ' എന്ന ഈ സമാഹാരത്തിൽ 14 കഥകളുണ്ട്. ഓരോ കഥയും വായിച്ചുകഴിയുമ്പോൾ അതിനടിയിൽ ഏതെങ്കിലും ഒരു സാമൂഹികസത്യം കനൽപോലെ നീറിപ്പിടിച്ചിരിക്കുന്നതായി വായനക്കാർക്ക് അനുഭവപ്പെടും. അമ്പെയ്തുകൊള്ളിക്കുന്ന സൂക്ഷ്മതയോടെ അതു ഹൃദയത്തിൽ പതിപ്പിക്കുവാൻ കഥാകൃത്തിനുള്ള കഴിവ് ഒന്നു വേറെതന്നെ.

2006
**- ഡോ. കെ.എ. വാസുക്കുട്ടൻ.**
**'ദൂരെ ഒരു നഗരത്തിൽ'**
**ദൂരദർശൻ പുസ്തക നിരൂപണം - 2006**

### പി. കൃഷ്ണവാരിയർ

ഹരികുമാർ കഥകൾക്കു മൊത്തത്തിൽ ഒരേ പ്രമേയമാണുള്ളത് - പച്ചയായ ജീവിതം. ജീവിതം പ്രതിജനഭിന്നവിചിത്രമാർഗ്ഗമാണല്ലോ. അതുകൊണ്ട് കഥകൾക്കും വൈവിദ്ധ്യമുണ്ട്, വൈചിത്ര്യവുമുണ്ട്. പ്രമേയത്തെപ്പോലെ ആഖ്യാനവും പച്ചയാണ്. ആർഭാടമോ, ആഢംബരമോ ഇല്ലാത്ത ജീവിതത്തിന്റെ നേർക്കാഴ്ചകൾ അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന ഭാഷയും അലങ്കാരങ്ങളെ ആശ്രയിക്കുന്നില്ല.

2006
**- പി. കൃഷ്ണവാരിയർ**
**ഇളംകാറ്റേൽക്കുംപോലെ, ഇളവെയിൽ കൊള്ളുംപോലെ**
**സമകാലിക മലയാളം - 2007**